പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4510 — 04/02/2014 ൽ മറുപടിയ്ക്ക്

## ചാലക്കുടി പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണത്തിന് ഭൂമി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| ചാലക്കുടി പ്രീമെട്രിക് ഹോസ്റ്റലിന് കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി അനുവദിക്കുന്നതിനായി ചാലക്കുടി ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ സമർപ്പിച്ച അപേക്ഷയിന്മേൽ അടിയന്തിര നടപടി സ്വീകരിക്കുമോ ? | ചാലക്കുടി ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ ഭൂമിയുടെ കൈവശാവകാശം വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിൽ തന്നെ നിലനിർത്തിക്കൊണ്ട് ട്രൈബൽ ഡിപ്പാർട്ടുമെന്റിന് കെട്ടിടം പണിയുന്നതിനുള്ള സമ്മതമാണ് ലഭിച്ചിട്ടുള്ളത്. വിദ്യാഭ്യാസ വകുപ്പ് ഭൂമിയുടെ കൈവശാവകാശം വിട്ടൊഴിയാൻ തയ്യാറാകാത്ത സാഹചര്യത്തിൽ റവന്യൂ വകുപ്പിൽ നിന്നും പ്രസ്തുത അപേക്ഷ ശുപാർശ ചെയ്യാൻ സാധിച്ചിട്ടില്ല. ഇക്കാര്യം ജില്ലാ തലത്തിൽ ഒന്നു കൂടി പരിശോധിക്കുവാൻ നിർദ്ദേശം നൽകിയിരിക്കുകയാണ്. |

Kajeen

സെക്ഷൻ ഓഫീസർ